# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3803

15.12.2014 - ൽ
മറുപടിയ്ക്ക്

### കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ അപര്യാപ്തതകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) കേരള പോലീസിന്റെ വാർത്താവിനിമയ സംവിധാനമായ കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗം ആധുനിക ഉപകരണങ്ങളുടെയും, സൗകര്യങ്ങളുടെയും അഭാവത്തിൽ ഏറെ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) ഉയർന്ന മലമുകളിൽ സ്ഥാപിച്ചിട്ടുള്ള റിപ്പീറ്റർ സ്റ്റേഷനുകളിൽ ഉറപ്പുള്ള കെട്ടിടമോ, കുടിവെള്ളമോ, വൈദ്യുതിയോ, ഗതാഗത യോഗ്യമായ റോഡുകളോ ഇല്ലാതെ ജീവനക്കാർ പ്രയാസപ്പെടുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) മലപ്പുറം ജില്ലയിലെ പന്തല്ലൂർ റിപ്പീറ്ററിൽ 12 കിമീ. അകലെയുള്ള നീർച്ചാലിൽ നിന്നും ജലം ബാരലുകളിലാക്കി കൊണ്ടു വരുന്നതും സുരക്ഷിതമല്ലാത്ത കെട്ടിടത്തിൽ ഇടക്കിടെ വിഷമുള്ള പാമ്പുകൾ കയറി വരുന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) | ഉണ്ട്. |
| (ഡി) എങ്കിൽ സംസ്ഥാനത്തെ എല്ലാ റിപ്പീറ്റർ സ്റ്റേഷനുകളും നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങളും റോഡും നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) | റിപ്പീറ്റർ സ്റ്റേഷനുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങളും റോഡും നിർമ്മിക്കുന്നതിലേക്കായി എല്ലാ ടെലികമ്മ്യൂണിക്കേഷൻ സബ് യൂണിറ്റുകളിലെയും ഇൻസ്പെക്ടർമാരെ 'ലെയ്സൺ ഓഫീസർ'മാരായി നിയോഗിച്ച്, ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ